**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6670** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റ് എന്ന് മുതലാണ് നിലവിൽ വന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | റാങ്ക് ലിസ്റ്റ് 10/10/2022 ന് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ച 372 പേരിൽ 350 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 22 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | യു.പി.എസ്.റ്റി. തസ്തികയിൽ പുതുതായി റിപ്പോർട്ട് ചെയ്ത ഒഴിവുകൾ, എൻ.ജെ.ഡി. ഒഴിവുകൾ, പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ പ്രതീക്ഷിക്കാവുന്ന ഒഴിവുകൾ എന്നിവ എത്രയാണെന്നും അറിയിക്കുമോ; | (ബി) | ബൈ-ട്രാൻസ്ഫർ വിഭാഗത്തിൽ ഏഴ് ഒഴിവുകൾ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൻ.ജെ.ഡി ഒഴിവുകളില്ല. പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ 85 പ്രതീക്ഷിത ഒഴിവുകളുണ്ട്. |
| (സി) | 2023-24, 2024-25 കാലയളവിലെ ജില്ലയിലെ യു.പി.എസ്.റ്റി. തസ്തിക നിർണ്ണയം പൂർത്തിയാകാത്തത്, ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ശതമാനത്തിൽ ഉണ്ടായ കുറവ്, സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് എന്നീ കാരണങ്ങൾ കൊണ്ട് വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | നിയമാനുസൃതമുള്ള ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ